**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5118** **27/06/2019 ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിൽ നേത്രപരിശോധകരുടെ കുറവ്**

| | ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ നേത്രപരിശോധകരുടെ കുറവ് നിമിത്തം രോഗികൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ദേശീയ-സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകൾ ഒപ്റ്റോമെട്രിസ്റ്റുകളുടെ കുറവ് പരിഹരിയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 4.12.2018 തീയതിയിലെ എച്ച്.ആർ.എം.പി നം 7554/18/തിരു പെറ്റീഷന്റെ ഉത്തരവിൽ കേരളത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെല്ലാം ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ഉറപ്പ് വരുത്തേണ്ടത് ആവശ്യമാണെന്നും ആയതിനാൽ അതിനാവശ്യമായ നടപടി ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിൽ നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുകയും റാങ്ക് ലിസ്റ്റ് നിലവില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്ചേഞ്ച് വഴി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സംസ്ഥാനതലത്തിൽ ഒപ്റ്റോമെട്രിസ്റ്റുകളുടെ ലിസ്റ്റ് ലഭ്യമാക്കാൻ എംപ്ലോയ്മെന്റ് ഡയറക്ടർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.<br>ഒപ്റ്റോമെട്രിസ്റ്റ് തസ്തിക നിലവിലില്ലാത്ത പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ നിന്ന് ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനം നിശ്ചിത ദിവസങ്ങളിൽ നൽകിവരുന്നുണ്ട്. ഒപ്റ്റോമെട്രിസ്റ്റിന്റെ കുറവ് പരിഹരിക്കുന്നതിനായി എൻ.എച്ച്.എം മുഖേന 32 ഒപ്റ്റോമെട്രിസ്റ്റുകളെ താത്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ദേശീയ അന്ധതാ നിവാരണ പരിപാടിയുടെ ഭാഗമായി 2019-20 കാലയളവിൽ 4 ഒപ്റ്റോമെട്രിസ്റ്റുകൾക്ക് താത്കാലികാടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനുള്ള നടപടിയും സ്വീകിച്ചു വരുന്നു. |
| (സി) | എല്ലാ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രികളിലും ഒപ്റ്റോമെട്രിസ്റ്റുകളുടെ തസ്തിക നിലവിലുണ്ടോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ